(എ) എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്ത് സൂക്ഷിക്കരുതെന്ന് ഉത്തരവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് സൂക്ഷിക്കുവാനുള്ള സൗകര്യം പരിഗണിച്ച് ഇത് കൊടുക്കുമ്പോൾ തന്നെ ഒരു പ്ലാസ്റ്റിക് കവറിലിട്ട് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പ് ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പരീക്ഷാഭവനിൽ നിന്നും ഓരോ കുട്ടിയുടേയും സർട്ടിഫിക്കറ്റ് പ്ലാസ്റ്റിക് കവറിലിട്ട് നൽകുന്നത് പ്രായോഗികമല്ല. കവറിലിട്ട് സർട്ടിഫിക്കറ്റ് ഭദ്രമായി സൂക്ഷിക്കുന്നത് ഓരോ കുട്ടിക്കും സ്വയം ചെയ്യാവുന്നതേയുള്ളൂ.

സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം

27 [1425] ശ്രീ. ജോണി നെല്ലൂർ:

,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ കുട്ടികൾക്ക് നൽകാറുള്ള ഉച്ചക്കഞ്ഞി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ഉച്ചക്കഞ്ഞി നൽകാൻ കഴിയാതിരുന്നത്;

(സി) കുട്ടികൾക്ക് റംസാനും, ക്രിസ്തുമസ്സിനും അഞ്ച് കിലോ അരി വീതം വിതരണം ചെയ്യാറുള്ളത് കഴിഞ്ഞ 2 വർഷക്കാലത്തിനിടയിൽ എന്നെങ്കിലും മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നെല്ലാം;

ഉത്തരം

(എ) മുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ ലഭിക്കാൻ താമസമുണ്ടായതാണ് കാരണം.

(ബി) 2004 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്തെ ചില സ്കൂളുകളിൽ ഭക്ഷ്യ സാധനങ്ങൾ ലഭിക്കാത്തതിനാൽ ഉച്ചക്കഞ്ഞി വിതരണം മുടങ്ങിയിരുന്നു.

(സി) മുടങ്ങിയിട്ടുണ്ട്. 2004 നവംബർ, ഡിസംബർ മാസങ്ങളിൽ. 2004-ലെ റംസാൻ അരി വിതരണം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ക്രിസ്തുമസ് അരി വിതരണം പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly